**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1769** **12-09-2023 - ൽ മറുപടിയ്ക്ക്**

**കടാശ്വാസ തുക വിതരണം ചെയ്യാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുപ്രകാരം കടാശ്വാസ തുക വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോടി രൂപ കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **കടാശ്വാസ തുക വിതരണം ചെയ്യുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 4353 അവാർഡുകൾക്കായി 34.90 കോടി രൂപ അനുവദിക്കുകയും ആയത് ബന്ധപ്പെട്ട സംഘങ്ങൾക്ക്/ ബാങ്കുകൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | കർഷക കടാശ്വാസ കമ്മീഷൻ ഉത്തരവുകളിന്മേൽ തുടർനടപടി സ്വീകരിച്ച് ധനസഹായം ലഭ്യമാക്കുന്നതിൽ സഹകരണ വകുപ്പിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനായി വെരിഫിക്കേഷൻ പൂർത്തിയാകാത്ത കേസുകളിൽ വെരിഫിക്കേഷന് മുൻപായി കടാശ്വാസ തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കമ്മീഷൻ ഉത്തരവുകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാകുന്നതിനു മുമ്പു തന്നെ കടാശ്വാസ തുക വിതരണം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.413/2023/AGRI തീയതി 02/05/2023). |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ - കടാശ്വാസ തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.413/2023/AGRI തീയതി,തിരുവനന്തപുരം, 02-05-2023

---

പരാമർശം:-

1. ജി.ഒ.(ആർറ്റി.) നം.1283/2015/കൃഷി തീയതി, 28/07/2015.
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 14/10/2022 തീയതിയിലെ എ 1701/2022/കെഎസ്എഫ്ഡിആർസി നമ്പർ കത്ത്.

**ഉത്തരവ്**

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2006-08)യുടെ 9-ാമത് റിപ്പോർട്ട് പ്രകാരം, കടാശ്വാസം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കടാശ്വാസം വിതരണം ചെയ്യുന്നത് സംബന്ധിച്ച നിലവിലെ നടപടിക്രമത്തിൽ മാറ്റം വരുത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

2. പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിലവിലെ നടപടിക്രമം അനുസരിച്ച് വിവിധ ജില്ലകളിൽ സിറ്റിംഗ് നടത്തി കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകൾ കടാശ്വാസത്തുക അനുവദിക്കുന്നതിനായി കമ്മീഷൻ സർക്കാരിൽ ലഭ്യമാക്കുകയും ടി അവാർഡുകൾ വെരിഫൈ ചെയ്യുന്നതിനായി അവ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചു കൊടുക്കുകയും രജിസ്ട്രാർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള കർഷകർക്ക് കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവരുന്നു. ആയത് കടാശ്വാസം അനുവദിക്കുന്നതിൽ കാലവിളംബം ഉണ്ടാക്കുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കടാശ്വാസ കമ്മീഷൻ റൂൾസ് 15-ാം ഖണ്ഡിക പ്രകാരം കമ്മീഷന് എപ്പോഴെങ്കിലും അതിന്റെ ശിപാർശയിലോ ഉത്തരവിലോ ഏതെങ്കിലും തെറ്റോ വിട്ടു പോകലോ സംഭവിച്ചിട്ടുണ്ടെങ്കിൽ അത് സ്വമേധയായോ ആരുടെയെങ്കിലും അപേക്ഷയിന്മേലോ അതതു സംഗതി പോലെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 2007ലെ കടാശ്വാസ കമ്മീഷൻ ആക്ടിലെ ഖണ്ഡിക 5(4), 5(5) പ്രകാരം കമ്മീഷൻ പാസ്സാക്കിയ ഒരു അവാർഡ് അന്തിമവും യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നുവെന്നും കമ്മീഷന്റെ അവാർഡുകൾ ഒരു സിവിൽ കോടതിയുടെ ഡിക്രി എന്ന പോലെ നടത്തിയെടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

4. കൂടാതെ അവാർഡ് പ്രഖ്യാപിച്ചശേഷം കർഷകൻ അനർഹനാണെന്ന് കണ്ടെത്തുന്നപക്ഷം ബാക്കി വായ്പ തുക കർഷകനോട് ആവശ്യപ്പെടുവാനും അവാർഡ് പുന:പരിശോധിക്കാനും ചെയർമാന് അധികാരമുണ്ട് എന്നും പിഴവ് സംഭവിക്കുന്നപക്ഷം പ്രസ്തുത

അധികാരം ചെയർമാന് വിനിയോഗിക്കാവുന്നതാണ് എന്നും കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറി പരാമർശം (2) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മീഷൻ ഉത്തരവ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് കടാശ്വാസ തുക കാലതാമസം കൂടാതെ ബന്ധപ്പെട്ട ബാങ്കുകൾക്ക് വിതരണം ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത ഉത്തരവുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള വെരിഫിക്കേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി അനർഹരെന്ന് കണ്ടെത്തുന്നവരുടെ തുക തിരിച്ചു പിടിക്കുന്നതിനായി പ്രസ്തുത വിവരം കടാശ്വാസ കമ്മീഷനെ അറിയിക്കേണ്ടതും കമ്മീഷൻ പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി കടാശ്വാസ വിതരണ നടപടിക്രമം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു..

6. മേൽ ഭേദഗതിയോടെ പരാമർശ ഉത്തരവ് തുടർന്നും നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്/റവന്യൂ വകുപ്പ്/സഹകരണ വകുപ്പ്/വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.ന്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.ന്